# ഡിജിറ്റൽ

## മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## 2019–20

### ബി എ ആർ എച്ച് എസ് ബോവിക്കാനം

# ഉയരെ

# B.A.R.H.S.S BOVIKAN



# ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ



# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

അരവിന്ദാക്ഷൻ നമ്പ്യാർ

ഹെഡ് മാസ്റ്റർ

ബി.എ.ആർ.എച്ച്.എസ് ബോവിക്കാനം

## ഉള്ളടക്കം

എന്റെ അനിയൻ.....7
നല്ല ശീലം.....8
ദൂരെ.....9
ബുദ്ധിമാനായ പൂച്ച.....10
തട്ടിൻ മുകളിൽ തട്ടും കൊട്ടും.....12
ആഗ്രഹം.....15
ദേശ സ്നേഹം.....16
സ്വപ്നം.....17
പൂമ്പാറ്റയോട്.....18
ചക്രം.....19
എന്റെ വീട്.....20
കിളിയുടെ സഹായം.....21
കാറ്റുവന്നു വിളിച്ചപ്പോള്.....22
ചങ്ങാതി.....23
റോസാപ്പൂവ്.....24
പുതുമഴ.....25
കടുവ.....25
കുറുക്കനും മുതലയും.....26
കംപ്യൂട്ടർ പരിശീലനം.....28
HAMMING HELPER.....29
ആകാശം.....30
എന്റെ കേരളം.....31
ഓണാഘോഷപരിപാടികൾ.....32




BLOG

# എന്റെ അനിയൻ

എനിക്കുമുണ്ടൊരു കൊച്ചനിയൻ

പല്ലില്ലാത്തൊരു കൊച്ചനിയൻ

തൊട്ടിലാടി കൊച്ചനിയൻ

മുട്ടിലിഴഞ്ഞു കൊച്ചനിയൻ

ആണ്ടു പിറന്നാളായപ്പോൾ

പിച്ച നടന്നു കൊച്ചനിയൻ

* * * * *

# നല്ല ശീലം

കണ്ണേ... കണ്ണേ... വന്നോളൂ...

കാഴ്ചകൾ നല്ലതു കാണിക്കാം

കാതേ... കാതേ... വന്നോളൂ...

കാര്യം നല്ലതു കേൾപ്പിക്കാം

മൂക്കേ... മൂക്കേ... വന്നോളൂ...

വാസന നല്ലതു ശീലിക്കാം

നാവേ... നാവേ... വന്നോളൂ...

വാക്കുകൾ നല്ലതു പറയിക്കാം

☆ ☆ ☆ ☆ ☆

# ദൂരെ



# ബുദ്ധിമാനായ പൂച്ച

അഹങ്കാരിയായ ഒരു കുറുക്കനുണ്ടായിരുന്നു.വലിയ സത്രകാരനാണെ ന്നായിരുന്നു അവന്റെ വിചാരം.ഒരു ദിവസം അവനൊരു പൂച്ചയെ കണ്ടു മുട്ടി. ക ുറുക്കൻ പൂച്ചയോട് ചോദിച്ചു. "പൂച്ചേ, നിനക്ക് എന്തൊക്കെ സൂത്രങ്ങളൊ ക്കെ നി നക്കറിയാം." പൂച്ച വിനയത്തോടെ പറഞ്ഞു. "എനിക്ക് ആകെ ഒരു സൂത്രമേ അറിയൂ." ആരെങ്കിലും ഉപദ്രവിക്കാൻ വന്നാൽ മരത്തിൽ റ്റാൻ മാത്രം. ഇത് കേട്ട കുറുക്കൻ ഉറക്കെ ചിരിച്ചു. എന്നിട്ട് പറഞ്ഞു. "പാ കയറിപ്പ വം നീ ഒ രു മണ്ടനാണ്. ഈ ഒരൊറ്റ സൂത്രം കൊണ്ട് എന്ത് ചെയ്യാൻ. എന്റെ കയ്യിൽ എത്രയെത്ര നല്ല സൂത്രങ്ങൾ ഉണ്ടെന്നോ. ഇതാ ഈ സഞ്ചി നിറയെ ഉഗ്രൻ സൂ ത്രങ്ങളാണ്." കുറുക്കൻ കയ്യിലിരുന്ന സഞ്ചി ഉയർത്തിക്കാണിച്ചു. ഇത് കേട്ട പൂ ച്ച അത്ഭുതപ്പെട്ടുപോയി. "സഞ്ചി നിറയെ സൂത്രങ്ങളോ! " പൂച്ചയുടെ മുഖഭാവം കണ്ട് കുറുക്കന് പിന്നെയും ചിരി വന്നു. അപ്പോഴാണ് കുറേ വേട്ടപ്പ ട്ടികൾ ഉറക്കെ കുരച്ച് കൊണ്ട് അങ്ങോട്ട് ഓടി വന്നത്. പിന്നാലെ മൃഗങ്ങളെ പിടിക്കാനു ള്ള വലയുമായ് ഏതാനും നായാട്ടുകാരും ഉണ്ടായിരുന്നു. പൂച്ച ഉറ ക്കെ കരയാൻ തുടങ്ങി. "അയ്യോ കുറുക്കാ, നിന്റെ സൂത്രങ്ങൾ വേഗം പുറ ത്തെടുക്ക്. അല്ലെങ്കിൽ നമ്മളെ അവരിപ്പോൾ പിടികൂടും." കുറുക്കൻ എന്തെ ങ്കിലും പറയാൻ തുടങ്ങുന്നതിന് മുമ്പേ നായ്ക്കൾ അടുത്തെത്തിക്കഴിഞ്ഞു. പൂച്ച

വേഗം അടുത്തുള്ള മരക്കൊമ്പിൻ മുകളിലേക്ക് ഓടിക്കയറി. പേടിച്ച് വിറ ച്ച കുറ ുക്കന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. വേട്ടപ്പട്ടികൾ അവരെ പിടികൂടി. വേട്ടക്കാർ കു റുക്കനെ വലയിലാക്കി പോകുമ്പോൾ പൂച്ച മര ക്കൊമ്പിലിരുന്ന് വിളിച്ച് ചോദിച്ചു.

"ഹേയ് കുറുക്കാ, സഞ്ചിനിറച്ചും സൂത്രങ്ങ ളുണ്ടായിട്ടന്താ കാര്യം?

എനിക്കറിയാവുന്ന ഒരേ ഒരു വിദ്യ എന്നെ രക്ഷിച്ചത് കണ്ടില്ലേ. "

ആവശ്യത്തിന് ഉപകരിക്കാത്ത വിദ്യ കൊണ്ട് ഒരു പ്രയോജനവുമില്ല.

☆ ☆ ☆ ☆ ☆

# തട്ടിൻ മുകളിൽ തട്ടും കൊട്ടും

കേട്ടോ ചേട്ടാ തട്ടിൻ മുകളിൽ

പാട്ടും കൂത്തും കെങ്കേമം

കൊട്ടും കുഴലും കൊമ്പും തകിലും

ഓട്ടം ചാട്ടം കളിമേളം

പെപ്പരപെപ്പര കുഴലുവിളിയും

തൊപ്പിക്കാരൻ ചീവീട്

തലയും കുത്തിപ്പാടി നടപ്പൂ

കല പില വീരൻ വവ്വാൽ

കേട്ടോ ചേട്ടാ തട്ടിൻ മുകളിൽ

പാട്ടും കൂത്തും കെങ്കേമം

പൂച്ച കരഞ്ഞു മേളക്കാരുടെ

പാച്ചിൽ കണ്ടോ കെങ്കേമം


# ആഗ്രഹം



# ദേശ സ്നേഹം

സയാം എന്നൊരു ചെറിയ രാജ്യമുണ്ട്. അവിടെയുള്ള ഒരു ഗ്രാമത്തിലാണ് ചിയാങ് പിറന്നത്. അവൻ ജന്മനാ മുടന്തനായിരുന്നു. അവന്റെ അമ്മയ്ക്കും അച്ഛനും അതോർത്ത് വളരെ ദു:ഖം തോന്നി. സ്വഗൃഹത്തിലിരുന്ന് ചിയാങ്ങ് എഴുതുവാനും വായിക്കുവാനും പഠിച്ചു. തനിയേ നടക്കാനുള്ള കഴിവ് അവനുണ്ടായിരുന്നില്ല എന്കിലും അവന്റെ നാടിനു വേണ്ടി എന്തെന്കിലും ചെയ്യണമെന്ന് അവനു തോന്നി. എന്നാൽ ഒരു മുടന്തന് എന്താണ് ചെയ്യാൻ കഴിയുക. അയൽ പക്കത്തെ ഒരു കുട്ടി പട്ടാളത്തിൽ ചേർന്നു. ശതൃുക്കൾ നാട് ആക്രമിച്ചാൽ അവൻ നാടിന് വേണ്ടി പട വെട്ടും. മുടന്തനെ ആരെന്കിലും പട്ടാളത്തിൽ ചേർക്കുമോ? മറ്റൊരു ബാലൻ അച്ഛനെ സഹായിക്കാൻ വയലിലേക്ക് പോകുന്നത് അവൻ കണ്ടു. ചിയാങ്ങിന്റെ അച്ഛനും ഒരു കൃഷിക്കാരനായിരുന്നു. മുടന്തനായ മകൻ എങ്ങനെ പിതാവിനെ സഹായിക്കും.അത് വിചാരിക്കുമ്പോൾ അവന്റെ കണ്ണുകൾ നിറയും.

# സ്വപ്നം



ാൻ

# പൂമ്പാറ്റയോട്

പൂവുകൾ തോറും പാറി നടക്കും

പൂഞ്ചിറകുള്ളൊരു പൂമ്പാറ്റേ

പൂവുകൾ തോറും പാറി പാറി

തേനാണോ നീ തേടുന്നേ

തേനിനു വേണ്ടി എമ്ത്തിനു നീ

പൂവുകൾ തോറർും അലയർുന്നു

എന്നുടെ കൂടെ വരുമെങ്കിൽ

കൈ നിറയെ ഞാൻ തേനു തരാം

☆ ☆ ☆ ☆ ☆

# ചക്രം

സൈക്കിൾ ഉണ്ട് രണ്ടെണ്ണം

ചക്രം ആകെ നാലെണ്ണം

ഓട്ടോ ഉണ്ട് രണ്ടെണ്ണം

ചക്രം ആകെ ആറെണ്ണം

കാറുകളുണ്ട് രണ്ടെണ്ണം

ചക്രം ആകെ എട്ടെണ്ണം

✲ ✲ ✲ ✲ ✲

# എന്റെ വീട്



# കിളിയുടെ സഹായം

മരക്കൊമ്പിൽ പാട്ടു പാടുകയായിരുന്നു അല്ലി. അപ്പോൾ ഒരുകരച്ചിൽ കേട്ടു. "ഹയ്യോ ഞങ്ങൾക്ക് ആരുമില്ലേ...." നിലത്ത് കിടന്ന് കരയുകയാണ് പഞ്ഞിയും നൂലും ചകിരിനാരും കൊണ്ട് അല്ലിക്കിളി അവരുടെ അടുത്തെത്തി. കിയോം, വരുന്നു, ഞാൻ നിന്നെ കൊണ്ട് പോകാം. അല്ലിക്കിളി അവരെ കൊത്തിക്കൊണ്ട് പോയി. നല്ലൊരു കൂടു ണ്ടാക്കി. അതിൽ മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങളുണ്ടായി. പഞ്ഞിയും നൂലും ചകിരി നാരും അല്ലിക്കിളിയോടൊപ്പം സന്തോഷത്തോടെ ജീവിച്ചു.

☆ ☆ ☆ ☆ ☆

# കാറ്റുവന്നു വിളിച്ചപ്പോള്

കാറ്റുവന്നു തഴുകി എൻ മനം

റോസാപ്പൂക്കൾ തൻ മണം പരത്തി

എങ്ങുമായ് ഗന്ധം പരന്നു നിന്നും

റോസാപ്പൂക്കൾക്കെന്തു ഭംഗി

ശലഭങ്ങളെത്തി തേൻ നുകരാൻ

റോസാപ്പൂവിൻ മേലിൽ വന്നിരുന്നു-

അങ്ങിങ്ങുനോക്കി പറന്നു പോയി

ശലഭങ്ങളൊക്കെയും ദൂരെ ദൂരെ


ശലഭങ്ങളൊക്കെയും പോയി മറഞ്ഞു

എല്ലാം എങ്ങോ മറഞ്ഞു പോയി

എൻ മനം ഓളങ്ങൾ പോലൊഴുകി പോയി.

✲ ✲ ✲ ✲ ✲

# ചങ്ങാതി



# റോസാപ്പൂവ്

റോസേ ... റോസേ ... വാ വാ വാ

എന്നുടെ ചെടിയിൽ വാ വാ വാ

എന്നുടെ തലയിൽ ചൂടാനായ്

എന്നുടെ ചെടിയിൽ വാ വാ വാ

✲ ✲ ✲ ✲ ✲

# കടുവ



# പുതുമഴ

മഴ മഴ മഴ മഴ പുതുമഴയിൽ

മുത്തുകൾ മണ്ണിൽ ചിതറുന്നു

മഴവെള്ളത്തിൽ കുഞ്ഞനുറുമ്പുകൾ

മുങ്ങിപ്പൊങ്ങിപ്പോകുന്നു

കുളവും കിണറും തോടുകളൊക്കെ

മഴ വെള്ളത്തിൽ മുങ്ങിപ്പോയ്കുട്ടികളെല്ലാം

ഓടിനടന്നുകടലാസിന്റെ കപ്പലുമായ്

✲ ✲ ✲ ✲ ✲

# കുറുക്കനും മുതലയും

- ഒരു മുതലയും ഞണ്ടും കൂട്ടുകാരായിരുന്നു. മുതലയ്ക്ക് കുറുക്കന്റെ ഇറച്ചി തിന്നണമെന്ന് ഒരാശ. ഞണ്ടു പോയി ഒരു കറുക്കനെ മുതലയുടെ കു ളത്തിലേക്ക് കൊണ്ട് വന്നു. കുളത്തിൽ ധാരാളം മീനുണ്ട്. അവയെ പിടിച്ചു തിന്നു കൊള്ളാൻ പ റഞ്ഞ് കുറുക്കനെ ഞണ്ട് കുളത്തിൽ ഇറക്കി. കുറുക്കൻ പെട്ടെന്ന് മു തലയെ കണ്ട് തിരിച്ചോടാൻ ഭാവിച്ചു. ഞണ്ട് പറഞ്ഞു "കുറുക്കച്ചാ, ആ മുതല ചത്തതാണ്. നീ പേ ടിക്കേണ്ട". ഞണ്ട് നുണ പറഞ്ഞു. കുറുക്കന് ഭയങ്കര സൂത്രമുണ്ട്. കുറുക്കൻ ഞണ്ടി നോട് ചോദിച്ചു. "ചത്ത മുതല വാലാട്ടുമല്ലോ. ഈ മുതല വാലാട്ടാത്തതെന്താ". അതു കേട്ടപ്പോൾ ഞാൻ ചത്തതാണെന്ന് കുറുക്കനെ ബോധ്യപ്പെട ◌ുത്താൻ വാലാട്ടണമെന്ന് കുറുക്കൻ വിചാരിച്ചു. മുതല തന്റെ വാൽ ഇടത്തോട്ടും വലത്തോട്ടും ആട്ടാൻ തുട ങ്ങി. ഇത് കണ്ടപ്പോൾ മുതല ചത്തിട്ടില്ലെന്ന് കുറുക്കന് മനസ്സിലായി. മുതലയുടെ ആഹാരമാക്കാനാണ് ഞണ്ട് തന്നെ കൊണ്ട് വന്നിട്ടുള്ളതെന്ന് കുറുക്കന് ബോധ്യമാ യി. കുറുക്കൻ പറഞ്ഞു. "എടാ കള്ളന്മാരെ, നിങ്ങളുടെ സൂത്രം എനിക്ക് മനസ്സിയി. നിങ്ങളെ ഞാൻ വെറുതെ വിടുകയില്ല. ഇപ്പോൾ ഞാൻ പോകുന്നു.

നിങ്ങൾ സൂക്ഷി ച്ചോ കള്ളന്മാരെ". ഇത് കേട്ട് ഞണ്ടും മുതലയും പേടിച്ച് പോയി. അന്ന ു മുതൽ അവർ ആരെയും ചതിക്കാൻ ശ്രമിച്ചിട്ടില്ല.



# കംപ്യൂട്ടർ പരിശീലനം





# HAMMING HELPER

നമ്മൾ സാധാരണയായി ചുറ്റിക ഉപയോഗിക്കുമ്പോൾ കൈകളിൽ മുറിവ് സംഭവിക്കാറുണ്ട്. ഇത്തരം മുറിവുകളെ തടയാനാണ് HAMMING HELPER

നീണ്ട ഒരു സ്കെയിൽ പോലെയും അതിന്റെ അറ്റത്ത് ദീർഘവ ൃത്തം പോലെയും കാണുന്ന 2 ഭാഗങ്ങളാണ് ഇതിന്. ദീർഘവൃ ത്തം പോലെയുള്ള ഭാഗത്താണ് ആണി വെക്കേണ്ടത്. ഇ തിന്റെ വശത്ത് നിന്ന് അകത്തേക്ക് ഒരു thread വച്ചിരിക്കുന്നു. ഇത് മുറു ക്കി ആണിയെ അവിടെ ഘടിപ്പിക്കാം. പിടിക്കാനുള്ള സൗകര്യത്തിന് വേണ്ടി ഇതിൽ ഒരു റിബ്ബൺ ഘടിപ്പിച്ചിരിക്കുന്നു. ഇതിൽ ഇടത് കൈയ്യുടെ തള്ളവിരൽ ഒഴികെ മറ്റ് 4 വിരലുകൾ ഇട്ട് ചുമരിനോട് ചേർത്ത് പിടിച്ച് വലത് കൈ കൊണ്ട് ആണി തറപ്പിക്കാം. നമ്മുടെ കൈകൾ സുരക്ഷിതമായിരിക്കും.

SAFETY FIRST ,WORK NEXT

# ആകാശം



# എന്റെ കേരളം



# ഓണാഘോഷപരിപാടികൾ





# ഓണസദ്യ







ാൻ

